പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 259 **29-10-2026-ൽ മറുപടിയ്ക്ക്**

പാട്ടത്തിന് നൽകുന്ന സർക്കാർ ഭൂമി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സി. കെ. കാസിം

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. പി. കെ. ഫിറോസ്

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

മറുപടി നൽകിയ മന്ത്രി

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

(എ) സർക്കാർ ഭൂമി വിവിധ ആവശ്യങ്ങൾക്കായി പാട്ടത്തിന് എടുത്ത സ്ഥാപനങ്ങൾ കൃത്യമായി പാട്ടത്തുക അടയ്ക്കുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ;

മറുപടി: ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

മറുപടി: ഉണ്ട്. പാട്ടക്കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ ജില്ലകളിൽ നിന്ന് ലഭ്യമായത് അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) സർക്കാരിന് ലഭിക്കേണ്ട പാട്ടക്കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മറുപടി: സർക്കാരിന് ലഭിക്കേണ്ട പാട്ടക്കുടിശ്ശിക റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിനും, കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പാട്ടം റദ്ദ് ചെയ്ത് പ്രസ്തുത ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ